തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിൽ ഇപ്പോൾ ഭരണസമിതി നിലവിലില്ല.

(ബി) ഉണ്ട്.

(സി) നടപടി കൈക്കൊള്ളുന്നതാണ്.

തൊഴിൽ കമ്മീഷൻ രൂപീകരണം

6 (*246) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് തൊഴിൽ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുമുൻപ് കേരളത്തിൽ തൊഴിൽ കമ്മീഷന് രൂപം നൽകിയിരുന്നുവോ ;

(സി) എങ്കിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോയെന്നും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവോയെന്നും വിശദീകരിക്കാമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) തൊഴിൽ നിയമങ്ങളും ചട്ടങ്ങളും ലളിതമാക്കുന്നതിനും ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി&സി) സംസ്ഥാനതലത്തിൽ അത്തരമൊരു കമ്മീഷനെ നിയമിച്ചിട്ടില്ല.

അംഗൻവാടി കുട്ടികൾക്ക് പാൽ നൽകുന്ന പദ്ധതി

7 (*247) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷമേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗൻവാടികളിലൂടെ കുട്ടികൾക്ക് ഒരുകപ്പ് പാൽ കൊടുക്കുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മൊത്തം എത്ര അംഗൻവാടികളിലെ കുട്ടികൾക്ക് ഇപ്പോൾ പാൽ ലഭിക്കുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) പാൽ വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള 'മിൽമ'യുടെ വിതരണമില്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾക്ക് പാൽ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടോ ; ഉണ്ടെങ്കിൽ എത്ര സ്ഥലങ്ങളിൽ പാൽ ലഭിക്കുന്നില്ല എന്ന് വ്യക്തമാക്കാമോ ;

(ഇ) പാൽ എത്തിച്ചു കൊടുക്കാൻ സാധിക്കാത്ത അംഗവൻവാടികളിലേയ്ക്ക് പാലിനുപകരം പാൽപ്പൊടി നൽകിയാൽ മതിയെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടോ ; ഇപ്പോൾ പാൽപ്പൊടി വിതരണം അംഗൻവാടികളിൽ നടക്കുന്നുണ്ടോ ;

(എഫ്) കഴിഞ്ഞ ഒരു വർഷമായി പാൽ നൽകിയ വകയിൽ സാമൂഹ്യ ക്ഷേമവകുപ്പിൽ നിന്നും മിൽമയ്ക്ക് എത്ര സംഖ്യകൊടുത്ത് തീർക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ; കുടിശ്ശിക സംഖ്യകൊടുക്കാത്തതിനാൽ പാൽ വിതരണം നിറുത്തിവയ്ക്കുമെന്ന് മിൽമ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(ജി) അംഗൻവാടി കുട്ടികൾക്ക് എന്തൊക്കെ ഭക്ഷ്യ വസ്തുക്കളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) 161 ഐ.സി.ഡി.എസ്. ബ്ലോക്കുകളിൽ

(സി) 19071 അംഗൻവാടികളിലെ കുട്ടികൾക്ക് ഇപ്പോൾ പാൽ ലഭിക്കുന്നുണ്ട്.

(ഡി) ഉണ്ട്. 5242 അംഗൻവാടികളിൽ പാൽ ലഭിക്കുന്നില്ല.

(ഇ) നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാവർത്തികമാക്കാൻ തുടർ നടപടികൾ എടുക്കുന്നതാണ്.

(എഫ്) ഒരു കോടിയോളം രൂപ നൽകുവാനുണ്ട്. പാൽ വിതരണം നിറുത്തിവയ്ക്കുമെന്ന് മിൽമ അറിയിച്ചിട്ടുണ്ടെങ്കിലും തുടർന്നും പാൽ നൽകുന്നുണ്ട്.

(ജി) അംഗൻവാടി ഗുണഭോക്താക്കൾക്ക് (6മാസം മുതൽ 6 വയസ്സു വരെയുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും, (പാലൂട്ടുന്ന അമ്മമാർക്കും) ജനറൽ ഫീഡിംഗ്, 3 വയസ്സുമുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് നൂൺ ഫീഡിംഗ്. ഇതിന് പുറമേ ഒരു കപ്പു പാലും ഷേക്ക് ഹാന്റും പദ്ധതി പ്രകാരം 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ഫീഡിംഗും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly